**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2726** **14-09-2023 - ൽ മറുപടിയ്ക്ക്**

**മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന വാർഷിക റിപ്പോർട്ടുകൾ കമ്മീഷൻ സംസ്ഥാന സർക്കാരിന് സമർപ്പിക്കാറുണ്ട്. അപ്രകാരം സമർപ്പിക്കുന്ന വാർഷികമോ പ്രത്യേകമോ ആയ റിപ്പോർട്ടുകൾ നിയമസഭ മുമ്പാകെ സർക്കാർ സമർപ്പിക്കാറുണ്ട്. കൂടാതെ മനുഷ്യാവകാശ കമ്മീഷന്റെ കണക്കുകൾ കംപ്ട്രോളർ ആന്റ് ആഡിറ്റ് ജനറൽ ഓഫ് ഇൻഡ്യ നിശ്ചിത കാലയളവുകളിൽ പരിശോധന നടത്തുകയും, അപ്രകാരം സാക്ഷ്യപ്പെടുത്തുന്ന വാർഷിക കണക്കുകൾ സംസ്ഥാന സർക്കാരിന് സമർപ്പിക്കുകയും തുടർന്ന് ടി വാർഷിക കണക്കുകൾ സർക്കാർ നിയമസഭ മുമ്പാകെ സമർപ്പിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട പരാതികളിൽ കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ ലഭിക്കുന്നതിലെ പുരോഗതി വിലയിരുത്തുവാൻ സർക്കാർ തലത്തിൽ ഒരു നിരീക്ഷണ സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കമ്മീഷന്റെ പ്രവർത്തനത്തിനായി വർഷംതോറും എത്ര തുകയാണ് ഗ്രാന്റായി നൽകിയിരിക്കുന്നത് എന്ന് അറിയിക്കാമോ; | (ബി) | കമ്മീഷന്റെ പ്രവർത്തനത്തിനായി മുൻ വർഷത്തിൽ (2022-2023) 7,23,22,000/- രൂപയും (എഴ് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരം രൂപ) നടപ്പ് വർഷത്തിൽ (2023-2024) 7,20,55,000/- രൂപയും (എഴ് കോടി ഇരുപത് ലക്ഷത്തി അൻപത്തിഅയ്യായിരം രൂപ) സർക്കാർ ഗ്രാന്റായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കാറുണ്ടോ; എങ്കിൽ ഇനി ഏതെല്ലാം സാമ്പത്തിക വർഷത്തെ റിപ്പോർട്ട് സമർപ്പിക്കാനുണ്ട്; വ്യക്തമാക്കാമോ? | (സി) | 2020 -2021 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2021-2022 സാമ്പത്തിക വർഷത്തെ കമ്മീഷൻ അംഗീകരിച്ച പ്രകാരമുള്ള വാർഷിക റിപ്പോർട്ട് അച്ചടി ജോലികൾക്കായി ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ നൽകുകയും, പ്രസ്സിൽ നിന്നും ലഭ്യമായ പ്രൂഫ് വായിച്ച് |

| | | | |
|---|---|---|---|
| | | | തിരുത്തലുകൾ വരുത്തി അന്തിമ അച്ചടി ജോലികൾക്കായി 26.08.2023-ന് ഗവൺമെന്റ് സെൻട്രൽ പ്രസ്സ് സൂപ്രണ്ടിന് അയച്ചിട്ടുള്ളതുമാണ്. 2022-2023 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് അന്തിമമാക്കാൻ ആവശ്യമായ കണക്കുകൾ സംബന്ധിച്ച വാർഷിക സ്റ്റേറ്റ്മെന്റ് കമ്മീഷൻ നിയോഗിച്ചിട്ടുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് തയ്യാറാക്കി വരുന്നതും, ആയത് ലഭ്യമായാലുടൻ തന്നെ 2022-2023 വർഷത്തെ വാർഷിക റിപ്പോർട്ട് കമ്മീഷന്റെ അംഗീകാരത്തോടെ അച്ചടിച്ച് നിയമ സഭയിൽ സമർപ്പിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ